പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2572 **28-10-2026-ൽ മറുപടിയ്ക്ക്**

പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണവും ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കലും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ലൈബ്രറി ഉൾപ്പെടെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിദ്യാർത്ഥികൾക്ക് ലൈബ്രറി ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ **ലഭ്യമാക്കുന്നതിനും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ സാധിക്കാത്ത പ്രൊപ്പോസലുകൾക്ക് പട്ടികജാതി വകുപ്പ് മുഖേന അനുമതി നൽകി വരുന്നു.**

കൂടാതെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾ, നവീകരണം, ആധുനികവത്കരണം എന്നിവയ്ക്കായി ജില്ലാതല ഓഫീസർമാർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകളുടെ ആവശ്യകത പരിശോധിച്ച് അനുമതി നൽകി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും, ലൈബ്രറി ഉൾപ്പെടെ മെച്ചപ്പെട്ട സൗകര്യങ്ങൾ **ലഭ്യമാക്കുന്നതിനും ജില്ലാതല ഓഫീസർമാർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി വരുന്നുണ്ട്.**

കൂടാതെ 2025-26 സാമ്പത്തിക വർഷം DA-JGUA പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഫണ്ട് വിനിയോഗിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 30 പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു.

(ബി) ഇത്തരം ഹോസ്റ്റലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനും വിദ്യാർത്ഥികൾക്ക് ആവശ്യമായ ഗൈഡ്ലൈൻ ക്ലാസ്സുകൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ ന്യൂട്രിഷൻമാരുടെ നിർദ്ദേശ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മെനു പ്രകാരമുള്ള ഭക്ഷണമാണ് നൽകി വരുന്നത്. ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പർച്ചെയ്സ് മുതൽ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നത് വരെയുള്ള പ്രവർത്തനങ്ങൾ വാർഡൻമാരുടെ

മേൽനോട്ടത്തിലാണ് നടന്നു വരുന്നത്. കൂടാതെ, ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്, കുക്കുമാരുടെ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ സമയക്രമം പാലിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് ആവശ്യമായ ഗൈഡ്ലൈൻ ക്ലാസുകൾ പ്രാദേശികമായി നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ഇടവേളകളിൽ ഗൈഡ്ലൈൻ ക്ലാസുകൾ/ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ